"ഭരണഭാഷ-മാതൃഭാഷ"

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: G1-30016/2023/PrHQ ; തീയതി : 13-10-2023

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിൽ നിന്നുള്ള 16.09.2023 തീയതിയിലെ എ.ആർ.13-2/85/2023-പി & എ ആർ ഡി നമ്പർ സർക്കുലർ അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

പ്രീത വി എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: **1.ഡി ഐ ജി ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്**
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല

2.എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും.

3.ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും

"ഭരണഭാഷ- മാതൃഭാഷ"





**കേരള സർക്കാർ**

നമ്പർ.എ.ആർ.13-2/85/2023-പി&എആർഡി
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (എ.ആർ.13) വകുപ്പ്
തിരുവനന്തപുരം,
തീയതി: 16-09-2023

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ്- വിവിധ ആവശ്യങ്ങൾക്കായി സർക്കാരാഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ഇ-മെയിൽ ഐ.ഡി., ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്തണമെന്ന വ്യവസ്ഥ - ഓപ്ഷണൽ ആക്കുന്നത്- സംബന്ധിച്ച്.

സൂചന:-
1. 07-11-2022 ലെ എ.ആർ.13(2)/209/2022/പി&എആർഡി നമ്പർ സർക്കുലർ
2. വിവരസാങ്കേതികവിദ്യ (ഐ.റ്റി.സെൽ) വകുപ്പിന്റെ 24-02-2023 ലെ ഐ.റ്റി.സെൽ-2/40/2023-ഐ.റ്റി.ഡി നമ്പർ സർക്കുലർ.
3. 16-04-2023 ലെ എ.ആർ-13(2)/256/2022 - പി&എ.ആർ.ഡി. നമ്പർ സർക്കുലർ

സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിലും നിവേദനങ്ങളിലും അപേക്ഷകളിലും മറുപടി ഈ-മെയിലിൽ മാത്രം മതി എന്ന് പ്രത്യേകം സൂചിപ്പിച്ചിട്ടുള്ള കേസുകളിൽ അപ്രകാരം മറുപടി അയച്ചാൽ മതിയാകും എന്ന് സൂചന (1) പ്രകാരം നിർദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്ന് സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന നിവേദനങ്ങൾക്ക് ഇ-മെയിൽ വഴി രസീത് ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

വിവിധ ആവശ്യങ്ങൾക്കായി പൊതുജനങ്ങൾ സർക്കാർ ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷാഫോറങ്ങളിൽ അപേക്ഷകന്റെ ഇ-മെയിൽ ഐ.ഡി, ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്താൻ കഴിയുന്ന വിധത്തിൽ അപേക്ഷാഫോറങ്ങൾ പരിഷ്കരിക്കേണ്ടതാണെന്നും സമർപ്പിക്കുന്ന അപേക്ഷകൾ/നിവേദനങ്ങൾ/പരാതികൾ എന്നിവയിൽ അപേക്ഷകന്റെ ഇ-മെയിൽ ഐ.ഡി, ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്ന നിർദേശം പൊതുജനങ്ങൾക്ക് ദൃശ്യമാകുന്ന രീതിയിൽ എല്ലാ ഓഫീസുകളിലും പ്രദർശിപ്പിക്കേണ്ടതാണെന്നും സൂചന (3) പ്രകാരം നിർദേശം നൽകിയിരുന്നു.

എന്നാൽ വിവിധ ആവശ്യങ്ങൾക്കായി സർക്കാരാഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷാഫോറങ്ങളിൽ അപേക്ഷകന്റെ ഇ-മെയിൽ ഐ.ഡി., ഫോൺ നമ്പർ എന്നിവയില്ല എന്ന കാരണത്താൽ സേവനം നിഷേധിക്കുന്നത് സാധാരണക്കാരെ പ്രതികൂലമായി ബാധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, ഇ-മെയിൽ ഐ.ഡി, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല എന്ന കാരണത്താൽ അപേക്ഷകന് സേവനം നിഷേധിക്കാൻ പാടുള്ളതല്ല എന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദേശം നൽകുന്നു.

ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
എല്ലാ വകുപ്പുമേധാവികൾക്കും/ജില്ലാകളക്ടർമാർക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി